**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3898** **15-07-2022 - ൽ മറുപടിയ്ക്ക്**

**രാത്രികാല പോസ്റ്റ്മോർട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | രാത്രികാലം പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | രാത്രികാല പോസ്റ്റമോർട്ടം നടത്തുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങൾ ഇല്ല. |
| (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നില്ല.എന്നാൽ അവയവദാന വുമായി ബന്ധപ്പെട്ടതിലും സമൂഹദുരന്തങ്ങ ളിലും ക്രമ സമാധാന പ്രശ്നങ്ങൾ ഉള്ള സാഹചര്യങ്ങളിലും മേലധികാരികളുടെ ഉത്തരവ് പ്രകാരം രാത്രികാലങ്ങളിലും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. സൂര്യപ്രകാശത്തിന് സമാനമായ വെളിച്ചം, സ്റ്റാഫിന്റെ കുറവ്, കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിക്കൊണ്ട് മാത്രമേ രാത്രികാല പോസ്റ്റ്മോർട്ടം നിലവിൽ വരുത്തുവാൻ കഴിയുകയുള്ളൂ.<br><br>തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റമോർട്ടത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു .നിലവിൽ ജില്ലാ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.കാസർഗോഡ് ജില്ലാ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കി പ്രവർത്തിച്ചു വരുന്നു. |
| (സി) | അപകട മരണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും | (സി) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നില്ല.എന്നാൽ അവയവദാന വുമായി ബന്ധപ്പെട്ടതിലും സമൂഹദുരന്തങ്ങ ളിലും ക്രമ |

| | | | |
|---|---|---|---|
| | രാത്രികാല പോസ്റ്റ്മോർട്ടം നടത്താൻ നടപടികൾ സ്വീകരിക്കുമോ? | | സമാധാന പ്രശ്നങ്ങൾ ഉള്ള സാഹചര്യങ്ങളിലും മേലധികാരികളുടെ ഉത്തരവ് പ്രകാരം രാത്രികാലങ്ങളിലും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്. സൂര്യപ്രകാശത്തിന് സമാനമായ വെളിച്ചം, സ്റ്റാഫിന്റെ കുറവ്, കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിക്കൊണ്ട് മാത്രമേ രാത്രികാല പോസ്റ്റ്മോർട്ടം നിലവിൽ വരുത്തുവാൻ കഴിയുകയുള്ളൂ.<br><br>തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റമോർട്ടത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു .നിലവിൽ ജില്ലാ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുവാൻ നിർദ്ദേശം<br>നൽകിയിട്ടുണ്ട്.കാസർഗോഡ് ജില്ലാ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ